പ്രോജക്ടിലും ക്രമക്കേടുകൾ നടന്നുവെന്ന ആരോപണവുമായി ബന്ധപ്പെട്ട പരാതി ലഭിക്കുകയുണ്ടായി.

(സി) പ്രസ്തുത വിഷയത്തിൽ ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകുകയുണ്ടായി.

(ഡി) പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തിയായിക്കഴിഞ്ഞു. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ഷോളയൂർ പഞ്ചായത്തിലെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് ലഭിച്ച പരാതി

14 [2444] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയുടെ ഷോളയൂർ പഞ്ചായത്തിലെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ച് എത്ര പരാതികൾവീതമാണ് ലഭിച്ചിരിക്കുന്നത്;

(സി) ഈ പരാതികളുടെ അടിസ്ഥാനത്തിൽ സർക്കാർ നാളിതുവരെ കൈക്കൊണ്ട നടപടികൾ ഏതെല്ലാം; ഇനിയും എന്തെല്ലാം നടപടികൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; അവ എന്നത്തേക്ക് നടത്താനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട് പഞ്ചായത്തിലെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതി

15 [2445] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിൽ മണ്ണാർക്കാട് പഞ്ചായത്തിലെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ച് എത്ര പരാതികൾ വീതമാണ് ലഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പരാതികളിന്മേൽ ഗവൺമെന്റ് നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ഡി) ഇനിയും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, അവ എന്നത്തേക്ക് നടത്താനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

അലനല്ലൂർ പഞ്ചായത്തിലെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് ലഭിച്ച പരാതി

16 [2446] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിൽ അലനല്ലൂർ പഞ്ചായത്തിലെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ച് എത്ര പരാതികൾ വീതമാണ് ലഭിച്ചത്;

(സി) ഈ പരാതികളിന്മേൽ സർക്കാർ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ഡി) ഇനിയും എന്തെല്ലാം നടപടികൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും, അവ എന്നത്തേക്ക് നടത്താനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

തച്ചംപാറ പഞ്ചായത്തിലെ നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് ലഭിച്ച പരാതി

17 [2447] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയിൽ തച്ചംപാറ പഞ്ചായത്തിലെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly